**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഇക്കോട്ടൂറിസം സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. എ. രാജ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലകളിലെ ഇക്കോട്ടൂറിസം സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വനമേഖലയിലെ ഇക്കോട്ടൂറിസം സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും, ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുമായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**1)** സംസ്ഥാനത്തെ ഇക്കോട്ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>**2)** നിലവിലുള്ള ഇക്കോട്ടൂറിസം കേന്ദ്രങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**3)** വിവിധ ഇക്കോട്ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസ്റ്റ് സർക്യൂട്ടുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**4)** പ്രധാന ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ ഇക്കോഷോപ്പുകൾ സ്ഥാപിക്കുക വഴി 'വനശ്രീ' ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപുലമായ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനും അതുവഴി വനാശ്രിതരായ പട്ടികജാതി വിഭാഗങ്ങളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**5)** ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തി വരുന്ന ചെറുകിട വന ഉൽപ്പന്നങ്ങൾക്ക് വനശ്രീ ട്രേഡ് |

| | | | |
|---|---|---|---|
| | | | മാർക്ക് രജിസ്റ്റർ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**6)** ഇക്കോടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് അവരുടെ പ്രവേശനം സുഗമമാക്കുന്നതിനായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**7)** ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അതിന്റെ ചുമതലയുള്ള ജീവനക്കാർക്കും ബന്ധപ്പെട്ട VSS/EDC അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ ഇക്കോ ടൂറിസം പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ; ഏതൊക്കെ പുതിയ ഡെസ്റ്റിനേഷനുകളാണ് ഈ മേഖലയിൽ പുതിയതായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിലായി 2020 -ൽ 60 ഇക്കോടൂറിസം കേന്ദ്രങ്ങളാണ് പ്രവർത്തിച്ചു വന്നിരുന്നത്. ഇതിനു ശേഷം 11 ഇക്കോടൂറിസം കേന്ദ്രങ്ങൾ കൂടി പ്രവർത്തനം ആരംഭിക്കുകയും, നിലവിൽ 71 ഇക്കോടൂറിസം കേന്ദ്രങ്ങൾ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. കൂടാതെ കാസർഗോഡ് വനം ഡിവിഷന് കീഴിലുള്ള കോട്ടഞ്ചേരി ഇക്കോടൂറിസം കേന്ദ്രവും, വർക്കിംഗ് പ്ലാൻ അംഗീകാരം ലഭിക്കുന്ന മുറക്ക് വീരമലക്കുന്ന് ഇക്കോടൂറിസം കേന്ദ്രവും പുതുതായി പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാനപ്പെട്ട ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ട്രക്കിംങ്, വൈൽഡ് ലൈഫ് സഫാരി, സൈറ്റ് സീയിംങ്, ബോട്ടിംഗ്, ക്യാമ്പിംഗ്, സൈക്ലിംഗ്, ബേർഡ് വാച്ചിങ് തുടങ്ങിയവ ആയത് ചെയ്യുന്നതിനുള്ള സൗകര്യം അനുസരിച്ച് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം ഡിവിഷൻ ഏജൻസികളുടെ (FDA) കീഴിലുള്ള എട്ട് മുൻഗണനാ ഇക്കോടൂറിസം കേന്ദ്രങ്ങളിലെ കാരിയിങ് കപ്പാസിറ്റി (Carrying Capacity) പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഏഴ് ഡിവിഷനുകളുടെ കീഴിലുള്ള പത്ത് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ടി പഠനം പൂർത്തീകരിച്ചു വരുന്നു. കൂടാതെ അഞ്ച് ഫോറസ്റ്റ് ഡിവിഷനുകൾക്ക് കീഴിലുള്ള അഞ്ച് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ടി പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വനവിഭവങ്ങൾ അന്താരാഷ്ട്ര തലത്തിൽ മാർക്കറ്റിംഗ് നടത്തുന്നതിനായി ഇക്കോ ടൂറിസത്തെ ഉപയോഗപ്പെടുത്താൻ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്ന ഇക്കോടൂറിസം കേന്ദ്രങ്ങളിലായി ആദിവാസികൾ ശേഖരിച്ച് മൂല്യവർദ്ധനവ് നടത്തിയ ചെറുകിട വന വിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി 'വനശ്രീ' യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 74 വനശ്രീ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു.ചെറുകിട വന വിഭവങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി ഓൺലൈൻ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ ചാലക്കുടി വനശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം നടത്തിവരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം വന വികസന ഏജൻസിയിൽ 'ഓപ്പൺ നെറ്റ്‌വർക്ക് ഡിജിറ്റൽ കോമേഴ്സ്' (ONDC) പ്ലാറ്റ്‌ഫോമിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ